ഇടമൺ—അയിരനെല്ലൂർ പാലം.

209. (38) ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പത്തനാപുരം താലൂക്കിൽപ്പെട്ട ഇടമൺ—അയിരനല്ലൂർ പാലത്തിന്റെ പണി ഉടനെ ആരംഭിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

ഈ പാലത്തിന്റെ പണി രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പുനലൂർ—പത്തനംതിട്ട റെയിൽവേ ലൈൻ.

210. (39) ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

പുനലൂർ—പത്തനംതിട്ട റയിൽവേ ലൈൻ സ്ഥാപിക്കുന്നതിന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

പുനലൂർ നിന്നും കൊല്ലം—കോട്ടയം റയിൽവേയുമായി മാവേലിക്കരയോ, ചെങ്ങന്നൂരോ, തിരുവല്ലായോ വച്ചു ബന്ധിക്കുന്ന ഒരു കോർഡ് ലൈൻ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്താൻ ഈ ഗവണ്മെന്റ് കേന്ദ്രത്തോട് ശുപാർശ ചെയ്തിട്ടുണ്ട്.

കഥകളി പരിശീലനവും കഥാപ്രസംഗ കാളേജും.

211. [40] ശ്രീ. എൻ ജി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) 1953 സെപ്റ്റംബർ 26—ാംതീയതി ശ്രീ. ജോസഫ് കൈമാപ്പറമ്പൻ കുന്നത്തുനാട്—ചാലക്കുടി കമ്മ്യൂണിറ്റി പ്രോജക്റ്റിലേക്ക് അയച്ച കഥാപ്രസംഗ കാളേജ് പദ്ധതിയിന്മേൽ എന്തു നടപടി നടത്തി;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും മറുപടി പദ്ധതി സമർപ്പിച്ച ആളെ അറിയിച്ചിട്ടുണ്ടോ;

(സി) കഥകളിക്കുവേണ്ടി കലാമണ്ഡലം കൃഷ്ണൻനായർക്ക് പണ സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) കഥകളിക്ക് പ്രോത്സാഹനം നൽകുവാൻ നിശ്ചയിച്ച സ്ഥിതിക്ക് കഥാപ്രസംഗപ്രസ്ഥാനത്തിന് പ്രോത്സാഹനം നൽകുവാൻ തീരുമാനിക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ?

ഉത്തരം.

(എ) പദ്ധതി സ്വീകരിക്കുകയുണ്ടായില്ല.

(ബി) പ്രോജക്റ്റ് ആഫീസറാണ് ഗവണ്മെന്റുമായി എഴുത്തുകുത്തു നടത്തിയത്. പ്രോജക്റ്റ് ആഫീസർക്ക് മറുപടി കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല. എന്നാൽ കഥകളി പഠിപ്പിക്കുന്നതിനുള്ള ഒരു കലാലയം, രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സംഘടന നടത്തുന്നപക്ഷം അതിലേക്കാവശ്യമായി വരുന്ന സാമഗ്രികളും വാങ്ങുന്നതിനുള്ള ചെലവിന്റെ ഒരു ഭാഗം ചില വ്യവസ്ഥകൾക്കു വിധേയമായി നൽകാമെന്നാണു് ഉത്തരവു്.

ആ കലാലയത്തിൽ ഒരു പ്രധാന പങ്കു് വഹിക്കാമെന്നു് ശ്രീ. കലാമണ്ഡലം കൃഷ്ണൻനായർ സമ്മതിച്ചിട്ടുള്ളതായ സ്കീമിൽ കാണുന്നു.

(ഡി) കഥാപ്രസംഗ കാളേജിൽ പഠിച്ചു പുറത്തുവരുന്നവർക്കെല്ലാം കഥാപ്രസംഗം ഒരു ഉദ്യോഗമായി തൊഴിലായി സ്വീകരിക്കത്തക്ക സാദ്ധ്യതയുണ്ടെന്നു് ഗവണ്മെന്റു കരുതാത്തതുകൊണ്ടു് ആ പദ്ധതിക്കു് ധനസഹായം നൽകാൻ മുതിർന്നില്ല.

Operators working in the Nagercoil & Trivandrum Water Works.

212. [43] SHRI R. PONNAPPA NADAR: Will the Minister for Public Works be pleased to state:

(*a*) how many Operators are working in the Nagercoil and Trivandrum Water Works;

(*b*) what is their working hours;

(*c*) is it a fact that they are asked to work for more than 8 hours per day at a stretch;

(*d*) whether any complaints were received regarding compensation leave; and

(*e*) will the Government be pleased to sanction one day per week as holiday to those employees ?

Answer.

(*a*) 6.

(*b*) Eight hours a day each by shift.

(*c*) No.

(*d*) No.

(*e*) The matter will be examined.

പാലങ്ങൾ.

* 213. [45] ശ്രീ. പി. നാരായണൻപോറ്റി: തൊടുപുഴ കാണുന്ന ചോദ്യത്തിനു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

രണ്ടാം പഞ്ചവത്സരപദ്ധതിയനുസരിച്ചു് സ്റ്റേറ്റിൽ പണികഴിപ്പിക്കാനുദ്ദേശിക്കുന്ന പാലങ്ങൾ ഏതെല്ലാമാണു്?

ഉത്തരം.

രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ജോലികളെ സംബന്ധിച്ചു് അവസാനതീരുമാനം എടുത്തിട്ടില്ലാത്തതിനാൽ ഈ വിവരം ഇപ്പോൾ തരുവാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly